## പതിമൂന്നാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 411 — 07.01.2014 -ൽ മറുപടിക്ക്

### കെ.എസ്.ആർ.ടി.സി.-യെ കമ്പനിയാക്കാൻ ശുപാർശ

**ചോദ്യം** — **ഉത്തരം**

ശ്രീ. എളമരം കരീം :

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ
(വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പു മന്ത്രി)

| | | | |
|---|---|---|---|
| (എ) | കെ.എസ്.ആർ.ടി.സി.-യെ കമ്പനിയാക്കാൻ ശുപാർശ ചെയ്തുകൊണ്ടുള്ള ആസൂത്രണ ബോർഡിന്റെ പേഴ്സ്പെക്ടീവ് പ്ലാൻ റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ; | (എ) യും (ബി) യും | ലഭ്യമായിട്ടില്ല. കേരളത്തിന്റെ സമഗ്ര വികസനത്തിനായി സർക്കാർ ദീർഘകാല പദ്ധതി തയ്യാറാക്കാൻ സംസ്ഥാന ആസൂത്രണ ബോർഡിന്റെ നേതൃത്വത്തിൽ, ഡൽഹി ആസ്ഥാനമായി പ്രവർത്തിച്ചുവരുന്ന നാഷണൽ കൗൺസിൽ ഫോർ അപ്ലൈഡ് ഇക്കണോമിക് റിസർച്ച് എന്ന സ്ഥാപനത്തെ ചുമതലപ്പെടുത്തുകയുണ്ടായി. പ്രസ്തുത സ്ഥാപനത്തിലെ വിദഗ്ധർ കേരളത്തിലെ വിവിധ വികസന മേഖലകളെയും സാദ്ധ്യതകളെയും ലഭ്യമാകാവുന്ന വിഭവങ്ങളെയും സംബന്ധിച്ച് വിശദമായി പഠിക്കുകയും വിവിധ വകുപ്പുതല ഉദ്യോഗസ്ഥരുമായി ദീർഘമായ ചർച്ചകളും കൂടിക്കാഴ്ചകളും നടത്തി "പെഴ്സ്പെക്ടീവ് പ്ളാൻ 2030" എന്ന കരട് പദ്ധതി തയ്യാറാക്കുകയും ചെയ്തു. ഈ കരട് പദ്ധതി വിവിധ തലങ്ങളിൽ ചർച്ചചെയ്യുകയും അതിൽ നിന്നുണ്ടായ നിർദ്ദേശങ്ങൾ കൂട്ടിചേർത്ത് പൊതുജനങ്ങൾക്ക് അറിയാനും അഭിപ്രായം രേഖപ്പെടുത്താനുമായി സർക്കാരിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുകയും ചെയ്യുകയുണ്ടായി. ഈ കരട് പദ്ധതിയിൽ കേരളത്തിലെ വിവിധ |
| (ബി) | പ്രസ്തുത റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കാമോ; | | |

| | | | |
|---|---|---|---|
| | | | വികസന സേവന മേഖലകളെക്കുറിച്ച് വിശദമായി പ്രതിപാദിക്കുകയും 2030 -മാണ്ടിൽ ആ രംഗങ്ങളിൽ വികസനം എങ്ങിനെയായിരിക്കണമെന്ന് ചൂണ്ടി ക്കാട്ടുകയും ആ നിലയിൽ എത്തുന്നതി ലേക്ക് ഏത് വികസന മാതൃകയാണ് ഉണ്ടാകേണ്ടതെന്ന് നിർദ്ദേശിക്കുകയും ചെയ്തിട്ടുണ്ട്. പദ്ധതി ഇനിയും വിവിധ തലങ്ങളിലെ തൽപര കക്ഷികളുമായി ചർച്ച ചെയ്യാനും അഭിപ്രായങ്ങൾ തേടാനുമായി സമർപ്പിക്കപ്പെട്ടിരിക്കുക യാണ്. ഈ ചർച്ചകളുടെയൊക്കെ അടിസ്ഥാനത്തിൽ മാത്രമേ ടി കരട് പദ്ധതി തീരുമാനിക്കുകയുള്ളൂ. |
| (സി) | പ്ലാനിംഗ് ബോർഡിന്റെ പേഴ്സ്പെ ക്ടീവ് പ്ലാനിലെ കെ.എസ്.ആർ. ടി.സി.-യെ സംബന്ധിച്ച ശുപാർശ സർക്കാർ തള്ളിക്കളഞ്ഞിട്ടുണ്ടോ; വിശദമാക്കാമോ? | (സി) | കരട് പെഴ്സ്പെക്ടീവ് പ്ളാൻ വിവിധ മേഖലകളിൽ ചർച്ച ചെയ്യപ്പെട്ട് വരുന്ന തേയുള്ളൂ. |

സെക്ഷൻ ഓഫീസർ